# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1287 30.01.2018ൽ മറുപടി നൽകേണ്ടത്.

## സ്പെഷ്യൽ സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി.ജോർജ്ജ്. | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ആകെ എത്ര ലക്ഷം ഭിന്നശേഷി കുട്ടികൾ വിവിധ സ്കൂളുകളിൽ വിദ്യാഭ്യാസം നടത്തുന്നു എന്നതിന് കണക്കുകൾ ഉണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ച്, കുട്ടികളുടെ എണ്ണവും ടീച്ചർമാരുടെ എണ്ണവും വിശദമാക്കുമോ; | (എ) പൊതുവിദ്യാഭ്യാസ ഡയറക്ടർ/ഹയർ സെക്കന്ററി ഡയറക്ടർ എന്നിവർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഭിന്നശേഷി കുട്ടികൾ, അദ്ധ്യാപകർ എന്നിവരുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

(സ്കൂൾ വിഭാഗം)

| ക്രമ നം. | റവന്യൂ ജില്ല | കുട്ടികളുടെ എണ്ണം | അദ്ധ്യാപകരുടെ എണ്ണം. |
|---|---|---|---|
| 1 | തിരുവനന്തപുരം | 2096 | 299 |
| 2 | കൊല്ലം | 1006 | 117 |
| 3 | പത്തനംതിട്ട | 826 | 99 |
| 4 | ആലപ്പുഴ | 1457 | .139 |
| 5 | കോട്ടയം | 2484 | 424 |
| 6 | ഇടുക്കി | 1047 | 156 |
| 7 | എറണാകുളം | 3419 | 522 |
| 8 | തൃശ്ശൂർ | 2279 | 257 |
| 9 | പാലക്കാട് | 1023 | 102 |
| 10 | മലപ്പുറം | 2386 | 239 |
| 11 | കോഴിക്കോട് | 2171 | 218 |
| 12 | വയനാട് | 583 | 64 |
| 13 | കണ്ണൂർ | 1889 | 191 |
| 14 | കാസർഗോഡ് | 661 | 68 |
| | ആകെ | 23327 | 2895 |

സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ വിദ്യാഭ്യാസം നടത്തുന്ന ഭിന്നശേഷി കുട്ടികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി (1) ചേർക്കുന്നു. ഈ സ്കൂളുകളിൽ 44 അദ്ധ്യാപകർ സ്ഥിരം തസ്തികയിൽ ജോലി ചെയ്യുകയും ബാക്കിയുള്ള തസ്തികകളിൽ ഗസ്റ്റ് അദ്ധ്യാപകർ സേവനം അനുഷ്ഠിക്കുകയും ചെയ്യുന്നു.

| | | | |
|---|---|---|---|
| | | | ഇത് കൂടാതെ സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ്, പാങ്ങപ്പാറ, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ **58** വിദ്യാർത്ഥികളും **4** സ്പെഷ്യൽ ടീച്ചർമാരും **1** നഴ്സറി ടീച്ചറും നിലവിലുണ്ട്. ഇതിനു പുറമേ സ്ഥാപനത്തിലെ വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിൽ **62** കുട്ടികളുമുണ്ട്. |
| (ബി) | ഈ കുട്ടികൾക്കായി സർക്കാർ വക പ്രത്യേകം സ്കൂളുകൾ സംസ്ഥാനത്ത് ഉണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെ എന്ന് ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലകളിലായി 43 സ്പെഷ്യൽ സ്കൂളുകൾ നിലവിലുണ്ട്. ആലപ്പുഴ ജില്ല ഒഴികെ മറ്റ് 13 ജില്ലകളിലും സ്കൂളുകൾ ഉണ്ട്. മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സ്വയംഭരണ സ്ഥാപനമായ സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ്, പാങ്ങപ്പാറ, തിരുവനന്തപുരം എന്ന സ്ഥാപനവും പ്രവർത്തിച്ച് വരുന്നുണ്ട്. |
| (സി) | മറ്റുള്ള മേഖലകളിൽ എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; ഇത് സർക്കാരിന്റെ മേൽനോട്ടത്തിലാണോ നടത്തുന്നത്; വിശദമാക്കാമോ ; | (സി) | മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി എൻ.ജി.ഒ-കളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടത്തി വരുന്ന 314 സ്കൂളുകൾ നിലവിലുണ്ട്. പ്രസ്തുത സ്കൂളുകൾക്ക് സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകി വരുന്നു. |
| (ഡി) | ഭിന്നശേഷി കുട്ടികളെ പഠിപ്പിക്കുന്നതിനായി സർക്കാർ സഹായത്തോടെ, പ്രത്യേക ബോർഡ് രൂപീകരിച്ച് പ്രത്യേക അധ്യാപകരെയും, മറ്റ് ആളുകളെയും നിയമിച്ച് ആധുനികരീതിയിലും കുറ്റമറ്റതരത്തിലും ടി സ്കൂളുകൾ ആവശ്യമുള്ള സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ നടത്തുവാൻ നടപടി സ്വീകരിയ്ക്കുമോ; | (ഡി) | ഭിന്നശേഷി കുട്ടികളെ പഠിപ്പിക്കുന്നതിന് ആവശ്യമായ സ്കൂളുകൾ സംസ്ഥാനത്ത് ആവശ്യാനുസരണം നിലവിലുണ്ട്. അവയെല്ലാം സർക്കാരിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നുമുണ്ട്. മാത്രമല്ല ആവശ്യമായ സ്പെഷ്യൽ ട്രെയിനിംഗ് യോഗ്യത നേടിയ അദ്ധ്യാപകരാണ് സ്കൂളുകളിൽ അദ്ധ്യാപനം നടത്തുന്നത്. കൂടാതെ ഭിന്നശേഷിക്കാരായ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്ന സാഹചര്യമാണുള്ളത്. ആയതിനാൽ പ്രത്യേക ബോർഡ് രൂപീകരിക്കേണ്ട ആവശ്യകതയില്ല. |

| | | | |
|---|---|---|---|
| (ഇ) | ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്ന സംസ്ഥാനത്തെ പല പ്രൈവറ്റ് സ്കൂളുകളിലും പണിയെടുക്കുന്ന ടീച്ചർമാർക്കും മറ്റും മാസശമ്പളം 2300/- (രണ്ടായിരത്തി മുന്നൂറ്) രൂപയിൽ താഴെയാണ് എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ഇ) | മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി എൻ.ജി.ഒ-കളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടത്തിവരുന്ന സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും സ്കൂൾ നടത്തുന്ന എൻ.ജി.ഒ./എൽ.എസ്.ജി.യാണ് അവരവരുടെ ഓണറേറിയം നൽകുന്നത്. എന്നാൽ ഓണറേറിയം നൽകുന്നതിനായി നിശ്ചിത തുക സർക്കാരിൽ നിന്നും ഗ്രാന്റായി നൽകുന്നുണ്ട്. |
| (എഫ്) | മറ്റ് അധ്യാപകരിൽ നിന്നും വ്യത്യസ്തമായി ഭിന്നശേഷി കുട്ടികളെ പഠിപ്പിക്കുകയും, പരിചരിക്കുകയും ചെയ്യുന്ന അധ്യാപകർക്ക് അർഹമായ ശമ്പളം കൊടുക്കുവാൻ പുതിയ പദ്ധതി നടപ്പിലാക്കുമോ; വിശദമാക്കാമോ? | (എഫ്) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| District | School Code | School Name | School Type I | School Mgmt | 2017 Admission |
|---|---|---|---|---|---|
| Thiruvananthapuram | 1003 | GOVT. V.H.S.S FOR THE DEAF, JAGATHY, TRIVANDRUM, 14 | Special | Government | 7 |
| Kollam | 2080 | CSI VOCATIONAL HS AND HSS FOR DEAF, VALAKOM, KOLLAM | Special | Aided | 27 |
| Pathanamthitta | 3048 | MANAKKALA CSI HSS(DEAF and DUMB), ADOOR,PATHANAMTHITTA, 691551 | Special | Aided | 24 |
| Pathanamthitta | 3059 | HIGHER SECONDARY SCHOOL FOR THE DEAF, ENATHU, 691526 | Special | Un-Aided | 7 |
| Kottayam | 5113 | DEAF HSS NEERPARA, THALAYOLAPARAMBU (VIA), VADAKARA P.O., KOTTAYAM, 686605 | Special | Aided | 22 |
| Emakulam | 7300 | ST CLARE ORAL SCHOOL FOR THE DEAF, MANICKAMAGALAM PO., KALADY, ERNAKULAM | Special | Aided | 30 |
| Thrissur | 8193 | ASHA BHAVAN H.S.S FOR DEAF, PADAVARATT. P.O, OLLUR | Special | Aided | 26 |
| Palakkad | 9099 | SRAVANA SAMSARA HSS, WEST YAKKARU, PALAKKAD, 678001 | Special | Aided | 8 |
| Palakkad | 9306 | Govt V H S S for the Deaf, Ottapalam - 4 | Special | Government | 9 |
| Kozhikkode | 10059 | CALICUT HSS FOR THE HANDICAPPED, KOLATHARA.P.O, KOZHIKKODE, 673655 | Special | Aided | 55 |
| Kozhikkode | 10302 | KARUNA SPEECH & HEARING HSS, ERANHIPALAM P.O, KOZHIKODE-6 | Special | Aided | 18 |
| Malappuram | 11312 | ASSISI SCHOOL FOR THE DEAF, MALAPARAMBU, PALACHODE P O MALAPPURAM | Special | Aided | 7 |
| Malappuram | 11314 | KARUNYA BHAVAN HIGHER SECONDARY SCHOOL FOR THE DEAF , VAZHAKKAD , MALAPPURAM | Special | Aided | 14 |
| Wayanad | 12301 | ST.ROSELLA'S SPEECH & HEARING HSS, POOMALA, WAYANAD | Special | Aided | 8 |
| Kannur | 13301 | KARAKKUND DON-BOSCO SPEECH & HEARING HSS, PARIYARAM, KANNUR | Special | Aided | 14 |
| Kasargode | 14071 | MARTHOMA HSS FOR DEAF,KASARGODE., 671541 | Special | Un-Aided | 15 |

സെക്ഷൻ ഓഫീസർ